പ്രക്രിയയ്ക്ക് നടപടിക്രമം നിശ്ചയിച്ചത് 1986-ലാണ്. അന്ന് വിദേശ മലയാളികളുടെ കാര്യങ്ങൾ കൈകാര്യം ചെയ്തിരുന്ന ആഭ്യന്തര വകുപ്പിൽനിന്ന് ജി.ഒ. (എംഎസ്.) 68/86/ഹോം എന്ന ഒരു ഉത്തരവ് സർക്കാർ പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവ് പ്രകാരം മരണമടഞ്ഞവരുടെ അനന്തരാവകാശികൾക്ക് വിതരണം ചെയ്യേണ്ട തുക എമ്പസികളിൽനിന്ന് ലഭിക്കുമ്പോൾ ജില്ലാകളക്ടർമാർ ഗവൺമെന്റ് ട്രഷറികളിൽ നിക്ഷേപിക്കേണ്ടതാണ്. അങ്ങനെ, ആയിരക്കണക്കിനൊന്നുമില്ല ഏതാണ്ട് പത്ത്, മുന്നൂറ് പേരുടേതായിട്ട് 4,29,00,000-ത്തോളം രൂപ വിതരണം ചെയ്യാനായിട്ടുണ്ട്. അവകാശികൾ താഴെ പറയുന്ന രേഖകൾ സമർപ്പിക്കുന്ന മുറയ്ക്കാണ് ജില്ലാ കളക്ടർമാർ വിതരണം ചെയ്യുന്നത്. കോടതിയിൽനിന്ന് ലഭിക്കുന്ന Succession Certificate അല്ലെങ്കിൽ ബന്ധപ്പെട്ട തഹസീൽദാർ നൽകുന്ന അവകാശ സർട്ടിഫിക്കറ്റ്. 12 വർഷം സർവ്വീസ് ബാക്കിയുള്ള ഒരു സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥൻ നൽകുന്ന Indemnity bond, നഷ്ടോത്തരവാദ പത്രവും ശമ്പള സർട്ടിഫിക്കറ്റും. അവകാശിയെ തിരിച്ചറിയുന്നതിന് വില്ലേജ് ആഫീസർ നൽകുന്ന തിരിച്ചറിയൽ സർട്ടിഫിക്കറ്റ്. ഇത് നൽകുന്നതിന് കാലതാമസം ഉണ്ടാകുന്നുണ്ട്. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1986-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവിൽ അനുശാസിക്കുന്ന രേഖകൾ സമർപ്പിക്കാൻ കാലതാമസം വരുന്നതിന്റെ ഒരു പ്രത്യേക കാരണം 12 വർഷം സർവ്വീസ് ബാക്കിയുള്ള സർക്കാർ ജീവനക്കാരന്റെ Indemnity bond-ഉം ശമ്പള സർട്ടിഫിക്കറ്റും ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടാണ്. ഇക്കാര്യത്തിൽ കാലവിളംബം ഉണ്ടാകാതിരിക്കാൻ 1986-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവിൽ ആവശ്യമായ ഭേദഗതികൾ വരുത്താൻ ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള മുഖ്യമന്ത്രിയുമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. എത്രയും വേഗം ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

V. വ്യക്തിപരമായ വിശദീകരണം

16-7-2003-ലെ അടിയന്തിരപ്രമേയ നോട്ടീസിന് മറുപടി പറയവേ മുഖ്യമന്ത്രി നടത്തിയ പരാമർശം സംബന്ധിച്ച്

മി. സ്പീക്കർ: Sri P. S. Supal, What do you want to say? ഇതൊന്നും നടപടിക്രമത്തിൽ ഉള്ളതല്ല. ഈ വേഷത്തിൽ വന്നതുകൊണ്ട് എന്തെങ്കിലും പറയാൻ അനുവദിച്ചു എന്നേയുള്ളൂ.

ശ്രീ. പി. എസ്. സുപാൽ: അത്യന്തം ഹൃദയവേദനയോടും വിഷമത്തോടുമാണ് ഞാൻ ഈ സഭയിൽ നിൽക്കുന്നത്. എനിക്ക് സഭയിൽ നിൽക്കുവാനുള്ള ആരോഗ്യം പോലുമില്ല. പോലീസ് മർദ്ദനവും അതിനെത്തുടർന്ന് പോലീസ് മർദ്ദനത്തേക്കാൾ ഭീകരമായ അപവാദപ്രചരണവുമാണ് അധികാരികൾ നടത്തിക്കൊണ്ടിരിക്കുന്നത്. ആ സാഹചര്യമുള്ളതുകൊണ്ടാണ് ഈ സഭയിൽവന്ന് യഥാർത്ഥ വസ്തുതകൾ എന്താണെന്നുള്ളതിനെ സംബന്ധിച്ച് പറയണമെന്ന് ആഗ്രഹിച്ചത്. അതിന് അനുമതി നൽകിയ അങ്ങയോട് നന്ദിയുണ്ട്. 15-ാം തീയതിയാണ് എ.ഐ.വൈ.എഫ്.-ന്റെ നേതൃത്വത്തിൽ കേരളത്തിലെ ആരോഗ്യ, തൊഴിൽ, വിദ്യാഭ്യാസ മേഖലകളെ സംരക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരളത്തിലുടനീളം സമരം സംഘടിപ്പിച്ചത്. തിരുവനന്തപുരത്ത് നിയമസഭയുടെ മുന്നിലേയ്ക്കായിരുന്നു മാർച്ച്. എ.ഐ.വൈ.എഫ്.-ന്റെ സംസ്ഥാന പ്രസിഡന്റ് കൂടിയായ ഞാൻ ആ മാർച്ചിന് നേതൃത്വം നൽകുകയാണുണ്ടായത്. പ്രസ്സ് ക്ലബ്ബിന്റെ മുമ്പിൽ നിന്നാണ് പ്രകടനം ആരംഭിച്ചത്. പ്രകടനം ആരംഭിച്ച സമയം മുതൽ പോലീസിന്റെ പ്രകോപന

LIBRARY ARCHIVES Kerala Legislative Assembly

മുണ്ടായിരുന്നു. മാർച്ച് ഏതാണ്ട് പാളയത്ത് എത്തിയപ്പോൾ രണ്ട്, മൂന്ന് പോലീസ് ജീപ്പ് പ്രകടനക്കാരുടെനേരെ ഓടിച്ചു കയറ്റാൻ ശ്രമിച്ചു. സംഘർഷം അങ്ങനെയാണ് ഉണ്ടായത്. സംഘർഷം ഉണ്ടായപ്പോൾ അത് ലഘൂകരിക്കാനാണ് ഞാൻ ശ്രമിച്ചത്. ആ സമയത്ത് എ.ഐ.വൈ.എഫ്.-ന്റെ സംസ്ഥാന സെക്രട്ടറി മുദ്രാവാക്യം വിളിച്ച് എല്ലാവരും ഒത്തുകൂടി ഞങ്ങൾ ഒരു ധർണ്ണയുടെ പരിപാടിയിലേയ്ക്ക് കടക്കുന്ന അവസരത്തിലാണ് സിറ്റി പോലീസ് കമ്മീഷണറുടെ നേതൃത്വത്തിൽ പോലീസുകാർ ബാരിക്കേട് മാറ്റി ഞങ്ങളുടെ അടുത്തേയ്ക്ക് വന്ന് എ.ഐ.വൈ.എഫ്.-ന്റെ പ്രവർത്തകരെ തല്ലിയത്. ആദ്യം എന്റെ പുറകുവശത്ത് വയർലെസ് സെറ്റ്കൊണ്ട് പോലീസുകാർ ഇടിച്ചു, അതുകഴിഞ്ഞ് പോലീസുകാർ തലയ്ക്കടിച്ചു. ഞാൻ തറയിൽ വീണപ്പോൾ എന്റെ മുതുകത്ത് അടിച്ചു. അങ്ങനെ തറയിൽ കിടന്ന എന്റെ തലയ്ക്കടിക്കാൻ ശ്രമിച്ചപ്പോൾ ഞാൻ കൈ ഉയർത്തി തടഞ്ഞു. ലാത്തിയടിയേറ്റ പാട് അവിടെയെല്ലാമുണ്ട്. അവിടെ ചോരയൊലിപ്പിച്ച് കിടന്നു, ഞാൻ. എ.ഐ.വൈ.എഫ്.-ന്റെ പ്രവർത്തകരാണ് എന്റെ മുകളിൽ വന്ന് കിടന്ന് എന്നെ വലിയ മർദ്ദനമേൽക്കുന്നതിൽ നിന്ന് ഒഴിവാക്കിയത്. അവിടെവന്ന കമ്മ്യൂണിസ്റ്റു പാർട്ടിയുടെ സംസ്ഥാന സെക്രട്ടറി ശ്രീ. വെളിയം ഭാർഗ്ഗവനാണ് ചോരയൊലിപ്പിച്ച് കിടന്ന എന്നെ അദ്ദേഹത്തിന്റെ കാറിൽ ആശുപത്രിയിൽ എത്തിച്ചത്. പിറ്റേ ദിവസം രണ്ടു പത്രങ്ങളിൽവന്ന വാർത്തയെ സംബന്ധിച്ച് എനിക്ക് വലിയ ദുഃഖമുണ്ടായി. എനിക്ക് അതിനേക്കാൾ വിഷമം ഉണ്ടാക്കിയത് എന്റെ സഹപ്രവർത്തകൻകൂടിയായ മുഖ്യമന്ത്രിയുടെ നിയമസഭയിലെ മറുപടിയാണ്. അദ്ദേഹം പറഞ്ഞു, ഞാൻ ബാരിക്കേട് തകർത്തുവെന്നും എ.ഐ.വൈ.എഫ്.-ന്റെ പ്രവർത്തകരുടെ കല്ലേറ്കൊണ്ടാണ് എനിക്ക് പരിക്ക് പറ്റിയതെന്നും.

മി. സ്പീക്കർ: പത്രങ്ങളിലും അങ്ങനെയാണ് വന്നത്. പത്രത്തിൽ കല്ലേറ് കൊണ്ട് പരിക്ക് പറ്റി എന്നാണ് വാർത്ത.

ശ്രീ. പി. എസ്. സുപാൽ: പി. എസ്. സുപാൽ, എം.എൽ.എ.-യെ തല്ലിയതായും സർക്കാരിന്റെ വിദ്യാഭ്യാസ നയത്തിനെതിരെ നടത്തിയ നിയമസഭാ മാർച്ചിനെതിരെ പി. എസ്. സുപാൽ, എം.എൽ.എ.-യെ .....(ബഹളം) .....(ഒരു പത്രം സഭയിൽ ഉയർത്തിക്കാണിച്ചു). പോലീസ് മർദ്ദിക്കുന്ന പടമാണ്. ആശുപത്രിയിൽ ഡോക്ടർ നൽകിയ സർട്ടിഫിക്കറ്റിൽ ദേഹമാസകലം അടിയേറ്റ വിവരങ്ങളാണ്. ഞാൻ അതൊന്നും പറയുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്നെ ഒന്ന് നോക്കട്ടെ. കല്ലേറ് കൊണ്ടാണ് ഈ പാടെങ്കിൽ ഞാൻ ഈ പരാതിയെല്ലാം പിൻവലിക്കാം. ലാത്തിയടിയേറ്റ പാടുകളാണോ എന്ന് അദ്ദേഹം പരിശോധിക്കട്ടെ. അങ്ങനെ സഭയെ തെറ്റിദ്ധരിപ്പിക്കുന്നത് ശരിയല്ല. അതുകൊണ്ട് മുഖ്യമന്ത്രി പറഞ്ഞതുപോലെ ഞാൻ ബാരിക്കേട് തകർത്തുവെങ്കിൽ, അതുപോലെതന്നെ കല്ലേറ് എന്റെ പ്രവർത്തകർ എറിഞ്ഞാണ് എനിക്ക് പരിക്ക് പറ്റിയതെങ്കിൽ, ദൃശ്യമാദ്ധ്യമങ്ങളൊക്കെ ഉണ്ടല്ലോ, അത് തെളിയിക്കാൻ കഴിഞ്ഞാൽ ഞാൻ എം.എൽ.എ. സ്ഥാനം രാജിവയ്ക്കാം.

മി. സ്പീക്കർ: അതൊന്നും വേണ്ട. അങ്ങനെയാണെങ്കിൽ ഇവിടെ ആരും കാണില്ല.

ശ്രീ. പി. എസ്. സുപാൽ: എം.എൽ.എ.-മാരോട് ഉദ്യോഗസ്ഥൻമാർ മോശമായി പെരുമാറരുതെന്ന് അങ്ങ് റൂളിംഗ് നൽകി. എം.എൽ.എ.-മാർക്ക് സംരക്ഷണം നൽകേണ്ട ആളല്ലേ അങ്ങ്? ഒരു കാര്യംകൂടി പറഞ്ഞോട്ടെ, അങ്ങ്കൂടി മനസ്സിലാക്കേണ്ട കാര്യമായതുകൊണ്ടാണ്. എന്നെ ആശുപത്രിയിൽ കൊണ്ടുപോയി അത്യാഹിത വിഭാഗത്തിൽ കിടത്തിയിരുന്ന സമയത്ത് ഒരു പോലീസുകാരൻ വന്നു. എന്റെ ജീവനിൽ താല്പര്യമുള്ള ഗവൺമെന്റ് പോലീസുകാരനെ അയച്ചതായിരിക്കുമെന്ന് വിചാരിച്ചു. അത്യാഹിത വിഭാഗത്തിൽ കിടക്കുമ്പോൾത്തന്നെ ഡോക്ടറെ കണ്ട് ലാത്തിയടിയേറ്റ പാടുകളെ സംബന്ധിച്ച

LIBRARY ARCHIVES Kerala Legislative Assembly

റിപ്പോർട്ടൊന്നും എഴുതി വാങ്ങിക്കാതെ തലയിൽ പരിക്ക് പറ്റിയത് മാത്രം എഴുതി വാങ്ങിച്ച് മുഖ്യമന്ത്രിക്ക് കൊടുത്തു. അതാണ് ഇവിടെ അവതരിപ്പിച്ചത്. അതുകൊണ്ട് ഈ വിഷയത്തെ സംബന്ധിച്ച് നിഷ്പക്ഷമായ അന്വേഷണം നടത്തുക .....(ബഹളം).....

മി. സ്പീക്കർ: നിങ്ങൾ ചോദിച്ചത് തന്നെ ഒരു വിശദീകരണത്തിനാണ്. വിശദീകരണത്തിനൊന്നും പ്രൊവിഷനില്ല. എങ്കിലും ഞാൻ അനുവദിച്ചതാണ്.....(ബഹളം).....

ശ്രീ. പി. എസ്. സുപാൽ: ഇതിനെക്കുറിച്ച് അന്വേഷണം നടത്തി യഥാർത്ഥ വസ്തുത പുറത്ത് കൊണ്ടു വരണം.

മി. സ്പീക്കർ: സി.എം. എന്തെങ്കിലും പറയാൻ ആഗ്രഹിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ബഹുമാനപ്പെട്ട മെമ്പർ ഈ സഭയിൽ അദ്ദേഹത്തിനുണ്ടായ ഒരു പ്രശ്നം പറഞ്ഞപ്പോൾ ഞാൻ പ്രതികരിക്കാതിരിക്കുന്നത് ശരിയല്ലല്ലോ. സഭയിൽ എന്റെ അന്നത്തെ പ്രസംഗം തുടങ്ങിയതുതന്നെ ശ്രീ. പി. എസ്. സുപാലിന് പരിക്കേൽക്കാൻ ഇടയായതിൽ ദുഃഖം രേഖപ്പെടുത്തിക്കൊണ്ടാണ്. പിന്നെ കല്ലേറിലാണ് പരിക്ക്പറ്റിയതെന്ന് ഞാൻ പറഞ്ഞിട്ടില്ല. ഞാൻ പറഞ്ഞത് അവിടെയുണ്ടായ, ഇതൊക്കെ റിക്കാർഡിലുള്ളതാണ് പരിശോധിക്കാം. അവിടെയുണ്ടായ ഉന്തിലും തള്ളിലും സംഘർഷത്തിലും, ബാരിക്കേഡുകൾ തള്ളിമറിച്ചിട്ടതിലും മറിഞ്ഞു വീണതിലുമാണ് പരിക്കുണ്ടായത്.....(ബഹളം).....

മി. സ്പീക്കർ: Order..... Order .....What is your point ..... yes keep quiet, ചിലർക്ക് ഇവിടെ എല്ലാത്തിനും സ്വാതന്ത്ര്യമുണ്ടാകണം.....You keep silent.....yes you resume your seat. Nothing will go in record,..... resume your seat.....you have no business.....

ശ്രീ. എ. കെ. ആന്റണി: സർ, അന്ന് നടന്ന സമരം വളരെ അക്രമാസക്തമായിരുന്നു. പോലീസിനെ മനഃപൂർവ്വം പ്രകോപിപ്പിക്കാൻവേണ്ടിയിട്ടുള്ള കല്ലേറും ബഹളങ്ങളും നടന്നു. അതെല്ലാം ദൃശ്യമാധ്യമങ്ങളിൽ വന്നതാണ്. കോടതിയിൽ ഒരു കേസ് ഉണ്ടാവുകയാണെങ്കിൽ അതെല്ലാം തെളിവോടുകൂടി വരും. അതിനെപ്പറ്റി ആർക്കും സംശയം വേണ്ട. മനഃപൂർവ്വമായി അക്രമമുണ്ടാക്കി പ്രകോപിപ്പിക്കാൻവേണ്ടി മാത്രമാണ് ആ സമര രംഗത്തുള്ള മുഴുവൻ പേരും ശ്രമിച്ചത്. അതിന്റെ ഭാഗമായിട്ടാണ് ഈ സംഭവങ്ങളെല്ലാം നടന്നത്. ഇതൊക്കെയാണെങ്കിലും ബഹുമാനപ്പെട്ട മെമ്പർ ഈ പറഞ്ഞ സാഹചര്യത്തിൽ സൗത്ത് സോൺ ഐ.ജി.-യെക്കൊണ്ട് ഇതേക്കുറിച്ച് അന്വേഷിക്കുവാൻ ആവശ്യപ്പെടുന്നതാണ്. എനിക്ക് ഒരു അഭ്യർത്ഥനയുണ്ട്. ഈ സമരം എന്തിനു വേണ്ടിയിട്ടാണ്. എത്രയോ തവണ ഞാൻ പറഞ്ഞു സ്വകാര്യ മാനേജ്മെന്റിന്റെ ആ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കുന്ന കാര്യത്തിൽ നിങ്ങളുടെ നിലപാട് തന്നെയാണ് ഗവൺമെന്റിനും, നിങ്ങളെക്കാൾ ശക്തമായ നിലപാടാണ് ഗവൺമെന്റിനുള്ളത്. പക്ഷേ ഹൈക്കോടതി വിധിയെത്തുടർന്ന് ഗവൺമെന്റിന് 50 ശതമാനം സീറ്റിന്റെ കാര്യത്തിലോ അല്ലെങ്കിൽ ഫീസിന്റെ കാര്യത്തിലോ അധികാരമില്ല. സുപ്രീംകോടതിയിൽ കേസിന് പോയിരിക്കുകയാണ്. സുപ്രീംകോടതിയിൽ കേസിന് പോയത് കേരള ഗവൺമെന്റാണ്. വിദ്യാർത്ഥികളുടെ ന്യായമായ താൽപ്പര്യം പരിരക്ഷിക്കാൻ ഈ ഗവൺമെന്റിന് നിർബന്ധമുള്ളതുകൊണ്ടാണ് ഗവൺമെന്റ് കോടതിയിൽ പോയിരിക്കുന്നത്. കോടതി തീരുമാനിക്കുംമുമ്പ് ഗവൺമെന്റിന് ഒന്നും ചെയ്യാൻ സാധ്യമല്ല. ദയവുചെയ്ത് ഈ അക്രമ സമരം ഒന്ന് അവസാനിപ്പിക്ക്, സുപ്രീംകോടതി വിധിവരുന്നതുവരെ ഒന്ന് കാത്തിരിക്കൂ, വെറുതെ കല്ലേറുണ്ടാക്കി, ബഹളമുണ്ടാക്കി ഞങ്ങളെ തല്ലിയെന്നു പറഞ്ഞുവന്ന്.....

മി. സ്പീക്കർ: ഓർഡർ.....ഓർഡർ.....ഓർഡർ.....

LIBRARY ARCHIVES Kerala Legislative Assembly